# STD - XII

## അദ്ധ്യാപക സഹായി (MODEL -1)

## പാഠം – ഏഴ്                    ഭാഗം – ഒന്ന്

## മരണവും മരണാനന്തരജീവിതവും

### ലക്ഷ്യം

ആദിയും അന്തവും ഇല്ലാത്തവൻ ദൈവം മാത്രമാണ്. മനുഷ്യന് മരണം സുനിശ്ചിതമാണ്. നശ്വരതയുടെ പൂർണതയാണ് മരണം. ക്രൈസ്തവ ദൈവശാസ്ത്രമനുസരിച്ച് ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപിരിയലാണ് മരണം. ശരീരശാസ്ത്രത്തിന്റെ വീക്ഷണമനുസരിച്ച് കോശങ്ങളുടെ നാശമാണ് മരണത്തിനു കാരണമായിത്തീരുന്നത്.

### പഠനസഹായികൾ

* വചനം – 2 സാമുവൽ 14:14, ഫിലി. 1:21
* ജീവചരിത്രഗ്രന്ഥങ്ങൾ: ഫ്രാൻസിസ് അസ്സീസി, സ്റ്റാലിൻ.
* യൂ-ട്യൂബ് വീഡിയോ – റവ. ഫാ. ജോൺ മണിയങ്ങാട്ട് (അന്നവും മരണാനന്തര ജീവിതവും)
* മരണവീട്ടിലെ ഫോട്ടോസ്
* CCC - 1007, 1008, 1010, 1013, 1016

### പാഠത്തിന്റെ ഉള്ളടക്കം

* മർത്യൻ = മരണമുള്ളവൻ
* മരണമെന്ന യാഥാർത്ഥ്യം
* പ്രസിദ്ധരുടെ അന്ത്യമൊഴികൾ
* മരണവും മരണാനന്തര ജീവിതവും – മതങ്ങളുടെ കാഴ്ചപ്പാട്
* ക്രിസ്തുവിന്റെ മരണം
* ക്രിസ്തുവിന്റെ ഉത്ഥാനം – ബൈബിൾ പറയുന്ന തെളിവുകൾ
* മരണാനന്തര ജീവിതത്തെക്കുറിച്ച് യേശു നടത്തുന്ന പരാമർശങ്ങൾ
  (മത്താ. 6:19–20, 7:13–14, 25:1–13, ലൂക്കാ. 16:19–31, 19:12–29, 23:43)

## പ്രാർത്ഥന

ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നരുൾ ചെയ്തു ഈശോയേ, ഈ ലോകത്തിൽ സുകൃതജീവിതം നയിച്ച് നിത്യസൗഭാഗ്യം അനുഭവിക്കാൻ അനുഗ്രഹം നൽകണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. മരണം സത്യമോ മിഥ്യയോ?
2. മരണം ക്രൈസ്തവ വീക്ഷണത്തിൽ- വിശദീകരിക്കുക.
3. മരണാന്തര ജീവിതം ക്രൈസ്തവ വീക്ഷണത്തിൽ - വിവരിക്കുക

## പ്രവർത്തനം

യേശു മരിച്ചവരെ ഉയിർപ്പിക്കുന്ന മൂന്നു സംഭവങ്ങൾ സുവിശേഷത്തിൽ നിന്ന് അദ്ധ്യായവും വാക്യവും വ്യക്തമാക്കി എഴുതുക.

# STD - XII

## അദ്ധ്യാപക സഹായി (MODEL -1)

**പാഠം – ഏഴ്                    ഭാഗം – രണ്ട്**

## മരണവും മരണാനന്തരജീവിതവും

### ലക്ഷ്യം

അശുദ്ധമായ ഒന്നിനും പരമപരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുക സാധ്യമല്ല. (വെളി. 21:27). എല്ലാ മനുഷ്യരും ദൈവസന്നിധിയിൽ വിധിയെ നേരിടണം. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിച്ച് മരണാനന്തരം ദൈവത്തെ ദർശിക്കുവാൻ സുകൃത ജീവിതം നയിക്കണം. സൗഭാഗ്യപൂർണമായ മരണത്തിനുള്ള മാർഗങ്ങൾ പിൻതുടർന്നാലേ സ്വർഗം നമുക്ക് ലഭിക്കുകമയുള്ളു.

### പഠനസഹായികൾ

* 2024 നവംബർ മാസത്തിലെ വചനോത്സവം
* സ്വർഗത്തിന്റെയും നരകത്തിന്റെയും ചിത്രങ്ങൾ.
* വചനം – 2 മക്കബായർ 13, വെളി. 20:14, 2 മക്കബായർ 12: 43–45, വെളി. 20:11–15)
* CCC - 1021, 1023, 1030, 1033, 1038

### പാഠത്തിന്റെ ഉള്ളടക്കം

* മരണാനന്തര അവസ്ഥകൾ
* ശുദ്ധീകരണസ്ഥലം
* വിധി – തനതുവിധി, പൊതുവിധി
* സ്വർഗവും സ്വർഗസൗഭാഗ്യവും

  സൗഭാഗ്യപൂർണമായ മരണത്തിനുള്ള മാർഗങ്ങൾ

  നരകശിക്ഷ പഴയനിയമത്തിലും പുതിയനിയമത്തിലും

  ഗേഹന്ന

  പരേതർക്കുള്ള പ്രാർത്ഥനകൾ

  മരിച്ചവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്കേണ്ടതുണ്ടോ?

### പ്രാർത്ഥന

ദൈവം തന്റെ നീതിമാന്മാർക്കായി ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യം കൈവരിക്കുവാനുള്ള കൃപാജീവിതം എനിക്കും തരേണമേയെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## ചോദ്യങ്ങൾ

1. സൗഭാഗ്യപൂർണമായ മരണത്തിനുള്ള മാർഗങ്ങൾ?
2. എങ്ങനെയാണ് ശുദ്ധീകരണാത്മാക്കളെ സഹായിക്കുവാൻ കഴിയുക?
3. ശരീരത്തിന്റെ ഉയിർപ്പ് എന്നാൽ എന്താണ്?

## പ്രവർത്തനം

1. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ഒരു ശീലമാക്കുക - എന്നു പറയുന്നതിനെക്കുറിച്ച് കുറിപ്പെഴുതുക.
2. നരകശിക്ഷയെക്കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള പരാമർശങ്ങൾ കണ്ടെത്തി എഴുതുക.